**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ , ശ്രീ. ഷാഫി പറമ്പിൽ , ശ്രീ. സണ്ണി ജോസഫ് , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ചേർക്കപ്പെട്ട ഓരോ സംരംഭവും നിലവിൽ പ്രവർത്തിക്കുന്നതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്ന് വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം തുടങ്ങിയ സംരംഭങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനുള്ള നടപടികൾ 2023 മാർച്ച് മാസം മുതൽ ആരംഭിക്കുന്നതാണ്. ഈ സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായി വിവിധ പദ്ധതികളും മെന്റർഷിപ് സേവനങ്ങളും 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭകരെയോ സംരംഭം തുടങ്ങാൻ താൽപര്യമുള്ളവരെയോ നേരിട്ട് സമീപിക്കാതെ നടത്തിയ വിവരശേഖരണം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ആധികാരികത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. പ്രസ്തുത പോർട്ടലിൽ നിലവിൽ തുടങ്ങിയ സംരംഭങ്ങളുടെ വിവരങ്ങളും അതുപോലെ ഫീൽഡ് തലത്തിൽ നടത്തുന്ന വിവിധ പ്രോഗ്രാമുകളിൽ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ട് വരുന്നവരുടെ വിവരങ്ങളും വെവ്വേറെ രേഖപ്പെടുത്തുന്നുണ്ട്. ഈ വിവരശേഖരണവുമായി ബന്ധപ്പെട്ട് ആധികാരികമായ പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചേർക്കപ്പെട്ടതും നിലവിൽ പ്രവർത്തിക്കുന്നതും എന്നാൽ സർക്കാർ സഹായം ലഭ്യമാക്കാത്തതുമായ സംരംഭങ്ങളുടെ | (സി) | പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം |

| | | | |
|---|---|---|---|
| | വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | (എക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക എന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് പ്രധാനം. ഏപ്രിൽ 1, 2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തയാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ